REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-05-2025 സമയം 12.30 pm

## പ്രധാന വാർത്തകൾ

- **ശബരിമല സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 18-ന് കേരളത്തിലെത്തും.**
- **പേവിഷ വാക്സിനെതിരെ തെളിവില്ലാതെ ആക്ഷേപങ്ങളുന്നയിക്കുന്നത് അപകടകരമായ പ്രവണതയെന്ന് മന്ത്രി വീണാ ജോർജ്.**
- **നെയ്തല കാവിലമ്മയുടെ തിടമ്പേറ്റി തെക്കേഗോപുര നട തുറന്നതോടെ തൃശിവപേരൂർ പൂരാവേശത്തിലേക്ക്. നാളെ തൃശൂർപൂരം.**
- **ഒരു വിഭാഗം ആശ പ്രവർത്തകരുടെ രാപകൽ സമരയാത്രയ്ക്ക് കാസർഗോഡ് തുടക്കമായി.**
- **IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

**ശബരിമല സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 18-ന് കേരളത്തിലെത്തും. ആദ്യമായാണ് ഒരു രാഷ്ട്രപതി ശബരിമല ദർശനത്തിന് എത്തുന്നത്. 18 നും 19നും രാഷ്ട്രപതി കേരളത്തിലുണ്ടാകുമെന്നാണ് കരുതുന്നത്. ഔദ്യോഗിക അറിയിപ്പ് രണ്ട് ദിവസത്തിനുള്ളിൽ ഉണ്ടാവും. കോട്ടയം കുമരകത്തായിരിക്കും രാഷ്ട്രപതി തങ്ങുകയെന്നാണ് റിപ്പോർട്ട്. പാലാ സെന്റ്.തോമസ് കോളേജ് ജൂബിലി സമ്മേളനത്തിലും ദ്രൗപതി മുർമു പങ്കെടുക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തിനാവശ്യമായ സൗകര്യങ്ങളൊരുക്കാൻ സംസ്ഥാന ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.**

സന്ദർശന ദിവസം ശബരിമലയിൽ കടുത്ത നിയന്ത്രണങ്ങളുണ്ടാകും. മേയ് 14-നാണ് ഇടവ മാസ പൂജകൾക്കായി ശബരിമല നട തുറക്കുന്നത്.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഒരു ദിവസത്തെ സന്ദർശനത്തിന് കർണാടകയിലെ ഹുബ്ബള്ളിയിലെത്തി. ഉത്തര കന്നഡ ജില്ലയിലെ സിർസി കോളേജ് ഓഫ് ഫോറസ്ട്രി, ഉപരാഷ്ട്രപതി സന്ദർശിക്കും.

✪✪✪

പേവിഷ വാക്സിനെതിരെ യാതൊരു തെളിവുമില്ലാതെ ആക്ഷേപങ്ങളുന്നയിക്കുന്നത് അപകടകരമായ പ്രവണതാണെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. മറ്റു നാടുകളെ അപേക്ഷിച്ച് പേവിഷബാധ മരണങ്ങൾ ഏറ്റവും കുറഞ്ഞിരിക്കുന്നതിന് അടിസ്ഥാന കാരണം കടിയേറ്റാൽ ആളുകൾ ഉടനെ കുത്തിവെപ്പടുക്കുന്നതു കൊണ്ടാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. നൂറുകണക്കിനാളുകളെ രക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനമാണ് നമ്മുടെ ഗവൺമെന്റ് ആശുപത്രികളിൽ നൽകി വരുന്ന കുത്തിവെപ്പുകൾ. എന്നാൽ വ്യക്തികളുടെ മനസിൽ ആശങ്കയും തെറ്റിദ്ധാരണയും ചിലർ മാധ്യമങ്ങളിലൂടെ നടത്തുകയാണെന്നും മന്ത്രി ആരോപിച്ചു.

കേന്ദ്രമന്ത്രാലയത്തിനു കീഴിലെ കൗസൗളിയിലെ സെൻട്രൽ ഡ്രഗ്സ് ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉണ്ടെന്ന് അധികൃതർ സാക്ഷ്യപ്പെടുത്തുന്ന വാക്സിൻ മാത്രമാണ് സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ ഉപയോഗിക്കുന്നുള്ളൂവെന്നും വീണാ ജോർജ് വ്യക്തമാക്കി. ഗുണനിലവാരം ഉറപ്പാക്കി വിതരണം ചെയ്യുന്ന വാക്സിനെതിരെ ദുഷ്പ്രചാരണം നടത്തിയാൽ ആളുകൾക്ക് വാക്സിനിൽ വിശ്വാസം നഷ്ടപ്പെടുന്നതിന് കാരണമാകുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ തന്നെ ദോഷകരമായി ബാധിക്കുന്ന തെറ്റായ പ്രചാരണം നടത്തരുതെന്നും മന്ത്രി ഫേസ്ബുക്കിലൂടെ അഭ്യർത്ഥിച്ചു.

✪✪✪

തെരുവ്നായ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ ചട്ടം ഭേദഗതി ചെയ്യണമെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. പാലക്കാട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. തെരുവു നായകളെ വന്ധ്യംകരിച്ച് തുറന്നു വിടുകയാണ് നിലവിലെ ചട്ടം. കേന്ദ്രഗവൺമെന്റാണ് ഇത് ഭേദഗതി ചെയ്യേണ്ടത്. ഇപ്പോൾ വന്ധ്യംകരണം മാത്രമാണ് പരിഹാരമെന്നും മന്ത്രി പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് പേവിഷ ബാധയേറ്റ പെൺകുട്ടി മരിക്കാൻ പ്രധാന കാരണം കയ്യിലെ നാഡിയിലേറ്റ ആഴമേറിയ മുറിവാണെന്ന് SAT ആശുപത്രി സൂപ്രണ്ട് ഡോ. S. ബിന്ദു അറിയിച്ചു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

വാക്സിൻ ആന്റി ബോഡി ഫലപ്രദമാകുന്നതിന് മുൻപ് വൈറസ് കുട്ടിയുടെ തലച്ചോറിനെ ബാധിച്ചതാകാം രോഗാവസ്ഥയ്ക്ക് കാരണമെന്നും ആശുപത്രി സൂപ്രണ്ട് വ്യക്തമാക്കി. പേവിഷബാധയേറ്റവരുമായി സമ്പർക്കം പുലർത്തുന്നവർക്ക് ക്വാറന്റൈൻ ആവശ്യമില്ലെന്നും അവർ പറഞ്ഞു.

✪✪✪

നെയ്തല കാവിലമ്മയുടെ തിടമ്പേറ്റി തെക്കേഗോപുര നട തുറന്നതോടെ തൃശിവപേരൂർ പൂരാവേശത്തിലേക്ക്.. വിശ്വപ്രസിദ്ധമായ തൃശൂർ പൂരം നാളെയാണ് .

ആകാശവാണി പ്രതിനിധി ഭരിത പ്രതാപിന്റെ റിപ്പോർട്ട്.

.......(വോയ്സ്)..........

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ പരിപാടികളിൽ പങ്കെടുക്കാൻ പാലക്കാട് എത്തിയ മുഖ്യമന്തി പിണറായി വിജയൻ ജില്ലയിലെ പൗരപ്രമുഖരുമായി സംസാരിച്ചു. വാർഷികത്തോട് അനുബന്ധിച്ച് LDF സംഘടിപ്പിക്കുന്ന റാലി കോട്ടമൈതാനത്ത് വൈകീട്ട് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. വ്യാഴാഴ്ച മലമ്പുഴയിൽ തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾ ഉൾപ്പെടുന്ന മേഖലാതല അവലോകന യോഗത്തിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

ഈ വർഷത്തെ ഹജ്ജ് ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം, കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ വെള്ളിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കണ്ണൂരിൽ നിർമ്മിക്കുന്ന ഹജ്ജ് ഹൗസിനും മുഖ്യമന്ത്രി തറക്കല്ലിടും. മന്ത്രി V അബ്ദുറഹ്മാൻ

അധ്യക്ഷനാവും. വിമാനത്താവള പദ്ധതി പ്രദേശത്ത് കിൻഫ്ര ഏറ്റെടുത്ത ഒരു ഏക്കർ സ്ഥലമാണ് വിമാനത്താവള അതോറിറ്റി ഹജ്ജ് ഹൗസ് നിർമ്മാണത്തിന് കൈമാറുന്നത്.

✪✪✪

കോഴിക്കോട് ബീച്ചിൽ 'എന്റെ കേരളം' പ്രദർശന-വിപണന മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സെമിനാറുകൾക്ക് തുടക്കമായി. 'പശ്ചാത്തല വികസനവും ടൂറിസം വളർച്ചയും' എന്ന വിഷയത്തിലായിരുന്നു ആദ്യ ദിവസത്തെ സെമിനാർ.

'മാനസികാരോഗ്യവും പുതുതലമുറയും' എന്നതാണ് ഇന്നത്തെ സെമിനാറിന്റെ വിഷയം.

✪✪✪

നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം പ്രകോപനമില്ലാതെ ഇന്നലെ രാത്രിയും വെടിവെയ്പ്പ് തുടർന്നു. കുപ്‌വാഡ, ബാരമുള്ള, പൂഞ്ച് , രജൗരി , മെന്ദാർ, നൗഷേര, സുന്ദർബനി, അഖ്നൂർ മേഖലകളിലാണ് വെടിവെയ്പ്പുണ്ടായത്. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചു. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

അനധികൃതമായി കേരളത്തിൽ താമസിക്കുന്ന പാക്ക് പൗരന്മാരെ തിരിച്ചയക്കാത്തത് ആഭ്യന്തര വകുപ്പിന്റെ പ്രീണന രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി പറഞ്ഞു. കണ്ണൂർ ജില്ലയിൽ 70 ഓളം പേർ ഇത്തരത്തിൽ കഴിയുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു. പാക്ക് പൗരന്മാരെ ജില്ലയിൽ നിന്ന് പുറത്താക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബിജെപി കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അബ്ദുള്ളക്കുട്ടി.

✪✪✪

രാജസ്ഥാനിൽ ഈ വർഷത്തെ നീറ്റ് പരീക്ഷയിൽ ക്രമക്കേട് നടത്തിയ തട്ടിപ്പു സംഘത്തിലെ അഞ്ചു പേരെ ജയ്പൂർ പൊലീസ് അറസ്റ്റ് ചെയ്തു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഫ്ലാറ്റിൽ നടത്തിയ റെയ്ഡിനെ തുടർന്നാണ് അറസ്റ്റെന്ന് അധികൃതർ അറിയിച്ചു. പ്രതികളിൽ നിന്ന് വ്യാജ പരീക്ഷാരേഖകൾ, ബ്ലൂടൂത്ത് ഉപകരണങ്ങൾ,

സിം കാർഡുകൾ, മൊബൈൽ ഫോണുകൾ, വാഹനം, 50,000 രൂപ എന്നിവ പിടിച്ചെടുത്തതായും പൊലീസ് വ്യക്തമാക്കി.

✪✪✪

ഒരു വിഭാഗം ആശ പ്രവർത്തകരുടെ രാപകൽ സമരയാത്രയ്ക്ക് കാസർഗോഡ് തുടക്കമായി. 45 ദിവസം നീണ്ടുനിൽക്കുന്ന സമരയാത്ര N.A നെല്ലിക്കുന്ന് MLA ഉദ്ഘാടനം ചെയ്തു.

ആശാമാരുടെ ഓണറേറിയം 21,000 രൂപയായി വർദ്ധിപ്പിക്കുക,വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപ നൽകുക,പെൻഷൻ ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് യാത്ര. യാത്രയിൽ പങ്കെടുക്കന്ന സമരാംഗങ്ങൾ തെരുവോരങ്ങളിൽ അന്തിയുറങ്ങും.

✪✪✪

സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ സന്ദേശ കാമ്പയിൻ 'കിക്ക് ഡ്രഗ്സ് 'ന് കാസർകോട് തുടക്കമായി. മന്ത്രി V. അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്തു. കളിക്കളങ്ങളെ സജീവമാക്കി ലഹരിയെ പ്രതിരോധിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 14 ജില്ലകളിലും സന്ദേശ യാത്ര.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന വനിതകളുടെ ആറാമത് പിങ്ക് ട്വന്റി-20 ക്രിക്കറ്റ് ടൂർണമെന്റിന് തിരുവനന്തപുരത്ത് തുടക്കമായി. തുമ്പ സെന്റ് സേവ്യേഴ്സ് K.C.A സ്റ്റേഡിയത്തിലാണ് ടൂർണമെന്റ്.

ഉദ്ഘാടന മത്സരത്തിൽ KCA പേളും, KCA റൂബിയും തമ്മിൽ ഏറ്റുമുട്ടുകയാണ്. ടോസ് നേടി ആദ്യം ബാറ്റിംഗിനിറങ്ങിയ റൂബി 87 റൺസ് എടുത്തിട്ടുണ്ട്. മറുപടി ബാറ്റിംഗിനിറങ്ങിയ KCA പേൾ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 2 വിക്കറ്റ് നഷ്ടത്തിൽ 57 റൺസെടുത്തു.

ഉച്ചകഴിഞ്ഞ് രണ്ടാമത്തെ മത്സരത്തിൽ K.C.A എമറാൾഡ്, K.C.A ആമ്പറിനെ നേരിടും. ഈ മാസം 15 വരെ നീളുന്ന ടൂർണമെന്റിൽ 5 ടീമുകളാണ് മത്സരിക്കുന്നത്.

✪✪✪

തെലങ്കാനയിൽ ഈ മാസം 10 ന് ആരംഭിക്കുന്ന മിസ്സ് വേൾഡ് മത്സരത്തിന്റെ 72-ാമത് പതിപ്പിന് ഹൈദരാബാദ് ഒരുങ്ങി. 120 രാജ്യങ്ങളിൽ നിന്ന് മത്സരാർത്ഥികൾ അടുത്ത രണ്ട് ദിവസത്തിനുള്ളിൽ ഹൈദരാബാദിലെത്തും.

✪✪✪

ശസ്ത്രക്രിയ കൂടാതെ രക്തയോട്ടം നിരീക്ഷിക്കുന്നതിന് UAE യൂണിവേഴ്സിറ്റി ഗവേഷകർ മെച്ചപ്പെട്ട സാങ്കേതികവിദ്യ കണ്ടുപിടിച്ചു. വൈദ്യുത മണ്ഡലങ്ങൾ സൃഷ്ടിക്കുന്ന വസ്തുക്കളുപയോഗിച്ച് രക്തപ്രവാഹത്തിന്റെ വേഗവും, പ്രതിരോധവും നിർണയിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണ് കണ്ടെത്തിയത്. രക്തം കട്ടപിടിയ്ക്കുന്നതു പോലെ അപകടകരമായ അവസ്ഥ മുൻകൂട്ടി കണ്ടെത്താൻ സഹായിക്കുന്നതാണ് കണ്ടുപിടുത്തം.

✪✪✪

മുഴപ്പിലങ്ങാട് ടൂറിസം പദ്ധതി ഉദ്ഘാടനത്തിൽ CPIM കണ്ണൂർ ജില്ലാ സെക്രട്ടറി KK രാഗേഷ് ക്ഷണിക്കാതെ പങ്കെടുത്തതിൽ പാർട്ടി നേതൃത്വം മറുപടി പറയണമെന്ന് BJP ആവശ്യപ്പെട്ടു. പ്രാദേശിക CPIM നേതാവിനെ മറികടന്ന് KK രാഗേഷ് ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തത്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ അനുമതിയോടെയാണോ എന്ന് വ്യക്തമാക്കണമെന്നും BJP കണ്ണൂർ സൗത്ത് ജില്ലാ അധ്യക്ഷൻ ബിജു ഏളക്കുഴി പറഞ്ഞു.

✪✪✪

സ്വതന്ത്ര പരീക്ഷണാത്മക സിനിമകളുടെ ചലച്ചിത്രോത്സവമായ ഇൻഡിപെൻഡന്റ് ആൻഡ് എക്സ് പെരിമെന്റൽ ഫിലിം ഫെസ്റ്റിവലിന് വെള്ളിയാഴ്ച കോഴിക്കോട്ട് തുടക്കമാകും. ഈ മാസം 13 വരെ കോഴിക്കോട് ഈസ്റ്റ് ഹിൽ വി കെ കൃഷ്ണമേനോൻ മ്യൂസിയം തിയേറ്ററിലാണ് ഫെസ്റ്റിവൽ. 14 മലയാള സിനിമകൾ, 12 ഇന്ത്യൻ സിനിമകൾ 5 ലോക സിനിമകൾ എന്നിവ പ്രദർശിപ്പിക്കും.

✪✪✪

**BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ നയിക്കുന്ന വികസിത കേരളം ജില്ലാ കൺവെൻഷൻ വൈകിട്ട് പത്തനംതിട്ട ജില്ലയിൽ നടക്കും. കുമ്പഴ ലിജോ ഓഡിറ്ററിയത്തിൽ വൈകിട്ട് 3.30നാണ് പരിപാടി.**

✪✪✪

**സംസ്ഥാനത്ത് ചിലയിടങ്ങളിൽ മിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ ബുധൻ, വ്യാഴം ദിവസങ്ങളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.**

**പാലക്കാട് , കോഴിക്കോട് ജില്ലകളിൽ ഇന്ന് താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരാം. തൃശൂരിലും കണ്ണൂരിലും 38 ഡിഗ്രിയും, മലപ്പുറം കാസർകോട് ജില്ലകളിൽ 37 ഡിഗ്രി വരെയും ചൂട് ഉയരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: വി കെ സുരേഷ്*
*News Team: സബിത ആനന്ദ്, ശരണ്യ രാജൻ*
*DEO: ഷീബ*